# സ്വാതന്ത്ര്യദിനവും സ്വർഗ്ഗാരോപണവും

### കൈത്താക്കാലം ആറാം ഞായർ

## ആഗസ്റ്റ് 15

**Homily by Fr. Sony Manjaly. Fr. Manjaly can be reached at** sonymanjaly@gmail.com

ഭാരതക്രൈസ്തവരായ നാം ഓരോരുത്തരും രണ്ട് അമ്മമാരെ ഓർക്കുന്ന ദിവസമാണിന്ന്. നമ്മുടെ മാതൃരാജ്യമായ ഭാരതാംബ യെയും, പരിശുദ്ധ കന്യകാമറിയത്തെയും. ഭാരതാംബ വിദേശാധിപത്യ ത്തിൽ നിന്ന് മോചിതയായതിന്റെ ഓർമ്മയും, പരിശുദ്ധഅമ്മ സ്വർഗ്ഗാ രോപിതയായതിന്റെ ഓർമ്മയും. ഇവ രണ്ടും നമുക്ക് പ്രതീക്ഷയും സന്തോഷവും നല്കുന്ന ഓർമ്മകളാണ്. ഒന്ന് സ്വാതന്ത്ര്യത്തെക്കുറിച്ചു ള്ള പ്രതീക്ഷയാണെങ്കിൽ മറ്റൊന്ന് സ്വർഗ്ഗരാജ്യത്തെക്കുറിച്ചുള്ള സന്തോഷമാണ് പ്രദാനം ചെയ്യുന്നത്.

ഗൃഹാതുരത്വം നിറഞ്ഞ ഓർമ്മകളിലൂടെ മാത്രമേ അമ്മയെന്നപദം നമ്മുടെ മനസ്സിലെത്തുകയുള്ളൂ. അമ്മമാരെക്കുറിച്ച് പറയുന്ന ഒരു കാര്യമുണ്ട്, *ഉറക്കത്തിലും ഉണർവ് സൂക്ഷിക്കുന്നവരാണവർ.* നമ്മുടെ ജീവിതത്തിൽ ഇത് ഒരു അനുഭവവുമാണ്. ഈ ഉണർവ്വ് കാത്തുസൂക്ഷി ച്ചതുകൊണ്ടാണ് ഭാരതാംബ സ്വതന്ത്രമായതും, പരിശുദ്ധ അമ്മ സ്വർഗ്ഗാ രോപിതയായതും. നമ്മുടെ രാജ്യത്തിന്റെ സ്വാതന്ത്ര്യസമരനേതാക്കൾ അതീവജാഗ്രതയോടിരുന്ന് നേടിയെടുത്തതാണ് നമ്മുടെ സ്വാതന്ത്ര്യം. സ്വാതന്ത്ര്യസമരചരിത്രം അവരുടെ ജാഗ്രതയും, ഉണർവ്വും നമുക്ക് വ്യക്തമാക്കിത്തരുന്നു. മാലാഖയുടെ സന്ദേശം ഗ്രഹിക്കാനും, ദൈവ ഹിതം നിറവേറ്റാനും, '*അവൻ പറയുന്നത് ചെയ്യാനും*' ഒക്കെയുള്ള ഉണർവ്വ് എപ്പോഴും കാത്തുസൂക്ഷിച്ചതുകൊണ്ടാണ് പരിശുദ്ധഅമ്മ ദൈവമാതാവായതും, സ്വർഗ്ഗാരോപിതയായതും.

നമ്മുടെ വ്യക്തിജീവിതത്തിൽ പുലർത്തേണ്ട ഉണർവ്വിനെക്കു റിച്ചും, ജാഗ്രതയെക്കുറിച്ചും ഇത് നമ്മെ ഓർമ്മപ്പെടുത്തുന്നുണ്ട്. ആധു നിക മനുഷ്യൻ അറിഞ്ഞും, അറിയാതെയും പലതിന്റെയും അടിമകളാ യിട്ടാണ് ജീവിക്കുന്നത്. മാധ്യമങ്ങളും ഉപഭോഗസംസ്ക്കാരവും ഒക്കെ പ്രകടമാക്കുന്ന മാസ്മരിക വലയത്തിൽ അകപ്പെട്ട് യഥാർത്ഥ സ്വാ തന്ത്ര്യം നമ്മിൽനിന്ന് അകലെയായിരിക്കുന്നു. ഇവയുടെ നീരാളിപ്പിടു ത്തത്തിൽനിന്നും രക്ഷനേടണമെങ്കിൽ യഥാർത്ഥ സ്വാതന്ത്ര്യത്തെക്കു റിച്ച് നാം ബോധവാന്മാരായിരിക്കണം.

നാം ആഗ്രഹിക്കുന്നതെല്ലാം ചെയ്യുവാനുള്ള സാധ്യതയല്ല സ്വാതന്ത്ര്യം അഥവാ ആരേയും ആശ്രയിക്കാതെ ജീവിക്കാൻ കഴിയുന്നതുമല്ല സ്വാതന്ത്ര്യം. അങ്ങനെ ജീവിക്കുന്നത് മനുഷ്യന്റെ അധ:പതനത്തിന്റെ അടയാളമാണ്. എനിക്ക് ഒരു പദവി ലഭിച്ചതിനുശേഷം സ്വന്തം കാര്യങ്ങൾക്ക് വേണ്ടി മാത്രം അവ ഉപയോഗപ്പെടുത്തുമ്പോൾ ഞാൻ സ്വാർത്ഥയുടെ അടിമയായി മാറും.

സ്വാതന്ത്ര്യത്തെക്കുറിച്ച് പറയുമ്പോൾ എപ്പോഴും ഉപയോഗിക്കുന്നപദമാണ് *freedom with responsibility*, *ഉത്തരവാദിത്വപൂർണ്ണമായ സ്വാതന്ത്ര്യം.* എന്റെ സ്വാതന്ത്ര്യം മാത്രമല്ല എന്റെ സഹോദരന്റെ സ്വാതന്ത്ര്യം കൂടി വിലമതിക്കുവാൻ ഞാൻ കടപ്പെട്ടവനാണ്. കാരണം ചില ചരടുകളാൽ ബന്ധിതമാണ് നമ്മുടെയൊക്കെ ജീവിതങ്ങൾ. ഈ ചരടുകൾ വളരെ ദുർബലമാണുതാനും. സൃഷ്ടികളായ നാം സൃഷ്ടാവിനോടും സഹസൃഷ്ടിളോടും ബന്ധപ്പെട്ടിരിക്കുന്നു. അതിനാൽ സ്വാതന്ത്ര്യത്തിന്റെ യഥാർത്ഥ സിംഫണി പങ്കുവയ്ക്കലിന്റേതാണ്. മറ്റുളളവർക്ക് സേവനം ചെയ്യുന്നതിലാണ് എന്റെ സ്വാതന്ത്ര്യം. പരസ്പരം ശുശ്രൂഷകരായിമാറുമ്പോൾ നാം യഥാർത്ഥ സ്വാതന്ത്ര്യം അനുഭവിക്കും.

ദൈവമക്കളുടെ സ്വാതന്ത്ര്യമെന്നതും ഈ പങ്കുവയ്ക്കലിന്റെ ശ്രുതിമീട്ടുന്നതാണ്. പരിശുദ്ധ അമ്മ ഈ സ്വാതന്ത്ര്യം ആവോളം അനുഭവിച്ചവളാണ്. എലിസബത്തിനെ ശുശ്രൂഷിക്കാൻ തിടുക്കത്തിൽ പോകുന്ന അമ്മ, കാനായിലെ കല്ല്യാണവിരുന്നിൽ അവരുടെ സങ്കടത്തിൽ പങ്കുചേരുന്ന അമ്മ, ഭയവിഹ്വലരായ ശിഷ്യൻമാരെ ധൈര്യപ്പെടുത്തി അവരിലൊരാളായി മാറുന്ന അമ്മ - ഇങ്ങനെ പങ്കുവയ്ക്കലിന്റെ സ്വാതന്ത്ര്യം പ.അമ്മ നമ്മെ കാണിച്ചുതരുന്നു.

സ്വാതന്ത്ര്യം അതിന്റെ പൂർണ്ണതയിൽ എത്തണമെങ്കിൽ സ്വാതന്ത്ര്യത്തോടൊപ്പം സത്യവും നീതിയും ഉണ്ടായിരിക്കണമെന്ന് സാഹിത്യകാരനായ അൽബോർ കാമ്യൂ എഴുതിയിട്ടുണ്ട്. സ്വാതന്ത്ര്യത്തോടൊപ്പം സത്യവും നീതിയും ഉണ്ടായിരിക്കണമെന്ന് പറഞ്ഞാൽ അതിന്റെ അർത്ഥം സ്വാതന്ത്ര്യമെന്നത് കുറച്ച്പേരുടെ മാത്രം കുത്തകാവകാശമായി മാറ്ററുതെന്നല്ലേ? നമ്മുടെ ഭാരതാംബയ്ക്ക് സ്വാതന്ത്ര്യം ലഭിച്ചെങ്കിലും എല്ലാവരും ഒരുപോലെ സ്വതന്ത്രരാണെന്ന് നമുക്ക് പറയാൻ സാധിക്കില്ല. തന്മൂലം നമ്മുടെ രാജ്യത്ത് വസിക്കുന്ന എല്ലാവർക്കും എല്ലവിധത്തിലുമുള്ള ന്യായമായ സ്വാതന്ത്ര്യം ഉറപ്പുവരുത്താൻ നമ്മുടെ സഹകരണവും, പരിശ്രമവും വേണം. തന്റെ കൂടെയുള്ളവരുടെകൂടി സ്വാതന്ത്ര്യം വിലമതിച്ച പരിശുദ്ധമറിയം ഈ സഹകരണവും, പരിശ്രമവും തപസ്യയാക്കി മാറ്റിയവളാണ്. മറിയം തന്റെ ജീവിതം ദൈവസ്നേ

ഹത്തിന് നേരെ തിരിച്ചുപിടിച്ച കണ്ണാടിയാക്കി മാറ്റിയപ്പോൾ മറിയം നന്മനിറഞ്ഞവളായി, സ്വർഗ്ഗാരോപിതയായി.

തിരുവനന്തപുരത്തെ പ്ലാനറ്റോറിയത്തിനടുത്തുള്ള സയൻസ് മ്യൂസിയത്തിൽ വെളിച്ചം ശരിക്കും കടക്കാത്ത ഒരു ബോക്സിൽ ഒരു കണ്ണാടി ഉറപ്പിച്ച് വച്ചിട്ടുണ്ട്. അതിനിടയിൽ ഇങ്ങനെ എഴുതിയിരിക്കുന്നു. *ഈ കണ്ണാടിയ്ക്ക് വസ്തുക്കളെ പ്രതിഫലിപ്പിക്കാനാവില്ല. കാരണം പ്രകാശം ഇതിൽ പതിയുന്നില്ല.* ഒരു കണ്ണാടി പ്രതിഫലിപ്പിക്കുന്നതിനു വേണ്ട ഏറ്റവും പ്രഥമമായ ആവശ്യമാണ് പ്രകാശം . പ്രകാശത്തിൽ മാത്രമേ കണ്ണാടിക്ക് പ്രതിഫലിക്കാനാവൂ. ഇതുപോലെ ദൈവസ്നേഹത്തെ ജീവിതംകൊണ്ട് പ്രതിഫലിപ്പിക്കുവാൻ ഒരു വസ്തു ആവശ്യമാണ് - വിശ്വാസം. ദൈവസ്നേഹത്തെ ജീവിതമാകുന്ന കണ്ണാടികൊണ്ട് വിശ്വാസമാകുന്ന പ്രകാശത്തിൽ പ്രതിഫലിപ്പിച്ചവളാണ് കന്യകാമറിയം.

അസ്തിത്വ ചിന്തകനായ സോറിൻ കീർക്കഗോർ വിശ്വാസത്തെ നിർവ്വചിച്ചിരിക്കുന്നതിങ്ങനെയാണ്. *വിശ്വാസം അരക്ഷിതാവസ്ഥയിലേക്കുള്ള ഒരു എടുത്തുചാട്ടമാണ്.* സുരക്ഷിതമല്ലാത്ത ഒരവസ്ഥയിലേക്ക് വെറും വിശ്വാസത്തിന്റെ ബലത്തിൽ എടുത്ത്ചാടിയവളാണ് കന്യകാമറിയം. വിവാഹത്തിനുമുമ്പ് ഒരു കുഞ്ഞിനെ വയറ്റിൽ കൊണ്ടുനടക്കുക എന്നത് സുരക്ഷിതമായ ഒരവസ്ഥയല്ല. കണ്ണുപോലും തെളിഞ്ഞിട്ടില്ലാത്ത ചോരക്കുഞ്ഞുമായി രാത്രിക്കുരാത്രി അപരിചിതമായ ഒരു ദേശത്തേയ്ക്ക് യാത്രയാവുക എന്നതും സുരക്ഷിതമായ അവസ്ഥയായിരുന്നില്ല. പക്ഷേ, ആ സുരക്ഷിതത്വമില്ലായ്മ അവൾ ബോധപൂർവ്വം, ഉണർവ്വോടെ ഏറ്റുവാങ്ങുകയാണ്.

ജീവിത്തിന്റെ രണ്ടറ്റവും കൂട്ടിമുട്ടിക്കാൻ കഴിയാതെ നട്ടംതിരിയുമ്പോഴും, കടംക്കേറിക്കേറി മൂക്കുമുട്ടെ എത്തി ശ്വാസം മുട്ടുമ്പോഴും, കാര്യങ്ങളൊക്കെ നമ്മുടെ നിയന്ത്രണത്തിൽ നിന്ന് കൈവിട്ട് പോകുമ്പോഴും, സ്നേഹത്തിന്റെ കരങ്ങൾ നീട്ടിനില്ക്കുന്ന ദൈവത്തിന്റെ താഴ്‌വാരങ്ങളിലേക്ക് മുന്നും പിന്നും നോക്കാതെ ഒരു എടുത്തുചാട്ടം നടത്താനാണ് അമ്മ നമ്മോട് ആവശ്യപ്പെടുന്നത്. ദൈവകരങ്ങളിൽ ആശ്രയം തേടിയവന് നാശം സംഭവിച്ചതായി നാം കേട്ടിട്ടില്ലല്ലോ? വിശ്വസിക്കുന്നവനെ ദൈവം കൈവിട്ടിട്ടുമില്ല. വിശ്വാസത്തിന്റെ ദീപമാണ് സ്വർഗ്ഗാരോപിതയായഅമ്മ നമ്മുടെ ജീവിത പന്ഥാവിൽ കൊളുത്തിത്തരുന്നത്. ആ പ്രകാശത്തിന്റെ നിറവിൽ ദൈവമക്കളുടെ സ്വാതന്ത്ര്യത്തിൽ ദൈവസ്നേഹം പ്രതിഫലിക്കുന്ന ഒരു കണ്ണാടിയായ് നാം ഓരോരുത്തരുടെയും ജീവിതങ്ങൾ മാറട്ടെ.